**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 214** **07-10-2025 - ൽ മറുപടിയ്ക്ക്**

**ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ മാത്യു ടി. തോമസ്,<br>ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. കെ.പി.മോഹനൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിവിധ മേഖലകളിൽ ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് നൽകി വരുന്ന സ്കോളർഷിപ്പുകൾ വർദ്ധിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേന വിതരണം ചെയ്തു വരുന്ന സ്കോളർഷിപ്പുകളിൽ അപേക്ഷകരുടെ എണ്ണം വർദ്ധിക്കുന്നതിനനുസരിച്ച് എല്ലാ കൊല്ലവും സ്കോളർഷിപ്പുകളുടെ എണ്ണവും തുകയും വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്.<br><br>ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന വിതരണം ചെയ്തുവരുന്ന സ്കോളർഷിപ്പുകളിൽ പ്രൊ.ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പിനും ഉപപദ്ധതികൾക്കുമായി 2023-24 സാമ്പത്തിക വർഷം 652 ലക്ഷം രൂപ അനുവദിച്ചിരുന്നു. പ്രൊഫ: ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പിനും ഉപപദ്ധതികൾക്കുമായി 2024-25 സാമ്പത്തിക വർഷം മുതൽ 714 ലക്ഷം രൂപ ബജറ്റ് വിഹിതമായി അനുവദിച്ചിട്ടുണ്ട്. കൂടാതെ ഐ.റ്റി.സി ഫീ റീ ഇംബേഴ്സ്മെന്റ് സ്കോളർഷിപ്പിനും, നൈപുണ്യപരിശീലന പദ്ധതികൾക്കുമായി 2023-24 സാമ്പത്തിക വർഷം 482 ലക്ഷം രൂപ അനുവദിച്ചിരുന്നു. ഇതിനും 2024-25 സാമ്പത്തിക വർഷം മുതൽ 582 ലക്ഷം രൂപ ബജറ്റ് വിഹിതമായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് നല്കിവരുന്ന വിവിധ ആനുകൂല്യങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് എന്തൊക്കെ പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് നല്കിവരുന്നവിവിധ ആനുകൂല്യങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി കേന്ദ്രസർക്കാർ നിർത്തലാക്കിയ പ്രീമെട്രിക് സ്കോളർഷിപ്പിന് പകരമായി സംസ്ഥാന സർക്കാർ ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന മാർഗദീപം എന്ന പേരിൽ പുതിയ സ്കോളർഷിപ്പ് 2024-25 മുതൽ ഏർപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷവും നടപ്പ് സാമ്പത്തിക വർഷവും ഈ പദ്ധതിയ്ക്കായി 20 കോടി രൂപ (ഇരുപത് കോടി രൂപ മാത്രം) ബജറ്റിൽ വകയിരുത്തിയിരുന്നു. |

| | | | |
|---|---|---|---|
| | | | കേന്ദ്ര സർക്കാർ നിർത്തലാക്കിയ മൗലാനാ ആസാദ് നാഷണൽ ഫെല്ലോഷിപ്പിന് പകരമായി ന്യൂനപക്ഷ വിഭാഗത്തിലെ ഗവേഷണ വിദ്യാർത്ഥികൾക്ക് ന്യൂനപക്ഷ ക്ഷേമവകുപ്പ് മുഖേന പുതിയൊരു പദ്ധതി നടപ്പിലാക്കുന്നതിന് നടപ്പു സാമ്പത്തികവർഷം 600 ലക്ഷം രൂപ വകയിരുത്തുകയും, പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുമുണ്ട്. അടുത്ത വർഷവും സ്കോളർഷിപ്പുകൾക്ക് അനുവദിക്കുന്ന തുക വർദ്ധിപ്പിക്കുന്നകാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ